**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2243** **30-07-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ ജല ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജല ജീവൻ മിഷൻ ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മൂപ്പൈനാട്, മുട്ടിൽ, പടിഞ്ഞാറേത്തറ, തറിയോട്, വേങ്ങാപ്പള്ളി, വൈത്തിരി, കണിയാമ്പേട്ട, പൊഴുതന, കൊട്ടത്തറ എന്നീ പഞ്ചായത്തുകൾക്കായി 4470 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 3087 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദ വിവരം അനുബന്ധം 1 ആയിചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറേത്തറ, കണിയാമ്പേട്ട, മേപ്പാടി, മൂപ്പൈനാട്, വൈത്തിരി, തറിയോട്, പൊഴുതന, കൊട്ടത്തറ, വേങ്ങാപ്പള്ളി എന്നീ പഞ്ചായത്തുകൾക്കായി 39843 കുടിവെള്ള കണക്ഷനുകൾ കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിശദ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത മിഷന് വകയിരുത്തിയിട്ടുള്ള ആകെ തുക എത്രയാണെന്നും പദ്ധതികൾ പൂർണ്ണമായും എന്ന് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | ജലജീവൻ മിഷൻ പദ്ധതികൾക്ക് അതാതു വർഷമാണ് തുക വകയിരുത്തുന്നത്. ജലജീവൻ മിഷൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ50:50 എന്ന അനുപാത ത്തിൽ സംയുക്തമായാണ് നടപ്പിലാക്കുന്നത്. 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ജല ജീവൻ പദ്ധതികളുടെ നടത്തിപ്പിന് 101.29 കോടി രൂപയും, 2020-21 സാമ്പത്തിക വർഷം 303.18 കോടി രൂപയും പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. ഈ തുകക്ക് ആനുപാതികമായ തുക സംസ്ഥാന സർക്കാരും അനുവദിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 1804.59 കോടി രൂപയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ആദ്യഗഡുവായ 451.14 കോടി രൂപ കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിരുന്നു. ആനുപാതികമായ സംസ്ഥാന സർക്കാർ വിഹിതവും ചേർത്ത് 902.29 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. കൽപ്പറ്റ നിയോജക മണ്ഡലത്തിൽ 2020 -21 -ൽ 963.60 ലക്ഷം രൂപയുടെ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2024 ഓട്ടുകൂടി ഗ്രാമീണമേഖലയിലെ എല്ലാ വീട്ടുകളിലും കുടിവെള്ളകണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യ ത്തോടെയാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ

# **അനുബന്ധം-1**

| ക്രമ നമ്പർ | പഞ്ചായത്തിൻറെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ഇതുവരെ നൽകിയ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ | | | | |
| 1 | മൂപ്പൈനാട് | 79.60 | 400 | 308 |
| 2 | മുട്ടിൽ | 55.40 | 250 | 311 |
| 3 | പടിഞ്ഞാറേത്തറ | 147.00 | 670 | 400 |
| 4 | തരിയോട് | 73.00 | 400 | 481 |
| 5 | വേങ്ങാപ്പള്ളി | 65.70 | 300 | 328 |
| 6 | വൈത്തിരി | 141.00 | 450 | 357 |
| 7 | കണിയാമ്പേട്ട | 179.90 | 900 | 902 |
| | **ആകെ** | **741.60** | **3370** | **3087** |
| **ജലനിധി നടപ്പിലാക്കുന്ന പദ്ധതികൾ** | | | | |
| 1 | പൊഴുതന | 24 | 100 | 0 |
| 2 | കൊട്ടത്തറ | 198 | 1000 | 0 |
| | **ആകെ** | **222** | **1100** | **0** |

<u>അനുബന്ധം- 2</u>

| **ക്രമ നമ്പർ** | **പഞ്ചായത്തിൻറെ പേര്** | **കണക്ഷനുകളുടെ എണ്ണം** | **എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ)** |
|---|---|---|---|
| 1 | പടിഞ്ഞാറേത്തറ | 5640 | 4250 |
| 2 | കണിയാമ്പേട്ട | 5132 | 5040 |
| 3 | മേപ്പാടി | 9622 | 9081.63 |
| 4 | മൂപ്പൈനാട് | 4534 | 4279.37 |
| 5 | വൈത്തിരി | 3812 | 3597.92 |
| 6 | തരിയോട് | 2238 | 2187 |
| 7 | പൊഴുതന | 3980 | 3889 |
| 8 | കൊട്ടത്തറ | 2662 | 2601 |
| 9 | വേങ്ങാപ്പള്ളി | 2223 | 2172 |
| | **Total** | **39843** | **37097.92** |